# പതിമൂന്നാം കേരള നിയമസഭ
## അഞ്ചാം സമ്മേളനം
## നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6166 10.7.2012-ൽ മറുപടിയ്ക്ക്

### കാലിത്തീറ്റ ഉല്പാദനവും വിപണനവും

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. പി. ഉബൈദുള്ള<br>,, കെ.എം. ഷാജി<br>,, അബ്ദുറഹിമാൻ രണ്ടത്താണി<br>,, റ്റി.എ. അഹമ്മദ് കബീർ | | ശ്രീ.കെ.പി.മോഹനൻ<br>(കൃഷിയും,മൃഗസംരക്ഷണവും അച്ചടിയും,സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| എ) | സംസ്ഥാനത്ത് കാലിത്തീറ്റയുടെ വിപണനത്തിൽ അന്യസംസ്ഥാന ഉൽപന്നലോബിയുടെ കടന്നുകയറ്റം തടയാനും, ഗുണമേൻമയും വിലക്കുറവുമുള്ള കാലിത്തീറ്റ കർഷകർക്ക് ലഭ്യമാക്കാനും ലക്ഷ്യമിട്ട് നടപ്പാക്കിവരുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | എ) | മിൽമയ്ക്ക് 300 ടൺ പ്രതിദിന ശേഷിയുള്ള 2 കാലിത്തീറ്റ ഫാക്ടറികൾ ഇപ്പോൾ ഉണ്ട്. ഇത് പാലക്കാട് മലമ്പുഴയിലും ആലപ്പുഴ പട്ടണക്കാട്ടും ആണ്.കേരള ഫീഡ്സിന് തൃശ്ശൂരിൽ നിലവിൽ ഒരു ഫാക്ടറിയുണ്ട്. പ്രതിദിനം 300 ടൺ ഉത്പാദനശേഷിയുള്ള മറ്റൊരു ഫാക്ടറി കേരള ഫീഡ്സിന്റെ അനുബന്ധസ്ഥാപനമായി കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ പ്രവർത്തനക്ഷമമായി വരുന്നു. ഈ ഫാക്ടറിയിൽനിന്നുള്ള ഉത്പാദനം എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിനുള്ള നടപടികൾ കമ്പനി എടുത്തുവരികയാണ്. കൂടാതെ കോഴിക്കോട് ജില്ലയിലെ തിരുവങ്ങൂരിലും ഇടുക്കി ജില്ലയിലെ തൊടുപുഴയിലും കേരള ഫീഡ്സിന്റെ പുതിയ ഫാക്ടറികൾ ആരംഭിക്കുന്നതിന്റെ പ്രാഥമിക നടപടികളും നടന്നുവരുന്നു.<br>സംസ്ഥാനത്തെ പൊതുമേഖലയിലുള്ള കാലിത്തീറ്റ ഫാക്ടറികൾ ഉല്പാദിപ്പിക്കുന്ന ഗുണമേന്മയും വിലക്കുറവുമുള്ള കാലിത്തീറ്റ കർഷകർക്ക് സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിന് ക്ഷീരവികസന വകുപ്പ് നടപ്പു വർഷം 6 കോടി രൂപ ചിലവിൽ കാലിത്തീറ്റ ധനസഹായ വിതരണ പദ്ധതി നടപ്പാക്കുന്നുണ്ട്. കേരള ഫീഡ്സുമായി യോജിച്ച് കാലിത്തീറ്റയ്ക്ക് വേണ്ട മക്കച്ചോളം കൃഷി ചെയ്യുന്നതിന് 25 ലക്ഷം രൂപയുടെ ഒരു പദ്ധതിയും ക്ഷീരവികസന വകുപ്പ് നടപ്പാക്കുന്നുണ്ട്. |
| ബി) | കാലിത്തീറ്റ ഉൽപാദനത്തിന് കേരള ഫീഡ്സ് ലിമിറ്റഡ് ഇപ്പോൾ ഉപയോഗപ്പെടുത്തുന്ന തദ്ദേശീയ വിഭവങ്ങളെന്തൊക്കെയാണെന്ന് വിശദമാക്കുമോ; | ബി) | എണ്ണമാറ്റിയ ചുവന്ന അരി തവിട് , കൊപ്രപിണ്ണാക്ക്, യൂറിയ, പുളിങ്കുരുപൊടി എന്നിവയാണ് കാലിത്തീറ്റ നിർമ്മാണത്തിനായി കേരള ഫീഡ്സ് ഉപയോഗിക്കുന്ന തദ്ദേശീയമായ വിഭവങ്ങൾ. |

| | | | |
|---|---|---|---|
| സി) | ഇക്കാര്യത്തിൽ അന്യസംസ്ഥാനങ്ങളോടുള്ള ആശ്രയത്വം എത്രത്തോളമെന്ന് വ്യക്തമാക്കാമോ? | സി) | കാലിത്തീറ്റ നിർമ്മാണത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളുടെ 90% -ൽ അധികം അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇറക്കുമതി ചെയ്യുന്നു. |

Seele

സെക്ഷൻ ഓഫീസർ